**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3425** **11-03-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ ഡിജിറ്റൽ റീസർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽ നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വെയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ അരുവിക്കര മണ്ഡലത്തിലെ തൊളിക്കോട് വില്ലേജിനെ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും, വെള്ളനാട് വില്ലേജിനെ രണ്ടാം ഘട്ടത്തിലും, അരുവിക്കര വില്ലേജിനെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തി ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>തൊളിക്കോട് വില്ലേജിൽ നാളിതുവരെയായി 2953.134 ഹെക്ടർ (23335 പാർസൽ) ഭൂമിയുടെ ഫീൽഡ് ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം 08.02.2024 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ടി വില്ലേജിന്റെ സർവെ അതിരടയാള നിയമം സെക്ഷൻ (13) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള ജോലികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.<br><br>വെള്ളനാട് വില്ലേജിൽ നാളിതുവരെയായി 567.738 ഹെക്ടർ (5591 പാർസൽ) ഭൂമിയുടെ ഫീൽഡ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. (ആകെ വിസ്തീർണ്ണത്തിന്റെ 25.78%) പ്രസ്തുത വില്ലേജിന്റെ ഡിജിറ്റൽ സർവെ ജോലികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.<br><br>ഡിജിറ്റൽ സർവെ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ അരുവിക്കര വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ് ജോലിക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ